&

(ബി) ഹോർമോൺ കുറവുമൂലമുണ്ടാകുന്ന ഇത്തരം ശാരീരിക വളർച്ചക്കുറവ് അനുഭവിക്കുന്ന കുട്ടികളുടെ ചികിത്സാ ചെലവിന് സാമൂഹ്യനീതി വകുപ്പുവഴി ധനസഹായം നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദവിവരം നൽകാമോ?

(എ&ബി) ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന പദ്ധതിയാണ് താലോലം. ടി പദ്ധതിയിൽ ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെതുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ നിലവിൽ സഹായം ലഭ്യമാണ്. കൂടാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ 'വി കെയർ' പദ്ധതി മുഖേന വളർച്ചാ കുറവ് നേരിടുന്ന കുട്ടികൾക്ക് ഗ്രോത്ത് ഹോർമോൺ ഇഞ്ചക്ഷനുള്ളമരുന്ന് അനുവദിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ഈ സഹായം അനുവദിച്ചിട്ടുള്ളത്.

(സി) നിലവിൽ അപ്രകാരം ധനസഹായം നൽകാൻ വ്യവസ്ഥയില്ലെങ്കിൽ, ഇത്തരക്കാർക്കായി പുതിയ ഏതെങ്കിലും പദ്ധതി ആരംഭിക്കുമോ; വിശദീകരിക്കാമോ?

'വി കെയർ' പദ്ധതി മുഖേന, വളർച്ചാകുറവ് നേരിടുന്ന കുട്ടികൾക്ക് ഗ്രോത്ത് ഹോർമോൺ ഇഞ്ചക്ഷനുള്ള മരുന്ന് KMSCL മുഖേന അർഹതയ്ക്കനുസരിച്ച് അനുവദിച്ചുവരുന്നുണ്ട്.

**റെസ്ക്യൂ ഹോം**

193 (4581) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിലവിൽ റെസ്ക്യൂ ഹോം എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വനിതശിശു വികസന വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ തവനൂർ എന്ന സ്ഥലത്ത് ഒരു റെസ്ക്യൂ ഹോം പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റെസ്ക്യൂ ഹോമുകളിലെത്ര വനിതകൾ അന്തേവാസികളായുണ്ടെന്ന് അറിയിക്കുമോ?

മലപ്പുറം ജില്ലയിൽ തവനൂർ ഉള്ള റെസ്ക്യൂ ഹോമിൽ ആകെ 25 താമസക്കാരുണ്ട്.

(സി) റെസ്ക്യൂ ഹോമിന്റെ പ്രവർത്തനം വിശദമാക്കുമോ?

ഇമ്മോറൽ ട്രാഫിക് നിരോധന നിയമ പ്രകാരം ശിക്ഷിക്കപ്പെട്ടവരും ചൂഷണത്തിന് വിധേയരാകാൻ സാദ്ധ്യതയുള്ളവരുമായ സ്ത്രീകൾക്ക് സംരക്ഷണം നല്കി അനുയോജ്യമായ പുനരധിവാസ നടപടികളിലൂടെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ജയിൽ വകുപ്പിന് കീഴിൽ 9-6-1973-ൽ തവനൂരിൽ പ്രവർത്തനമാരംഭിച്ച ക്ഷേമ സ്ഥാപനമാണ് റെസ്ക്യൂ ഹോം. നിലവിൽ സ്ഥാപനം വനിത ശിശു വികസന വകുപ്പിൻ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിൽ 75 പേർക്ക് താമസിക്കാമെങ്കിലും നിലവിൽ 25 പേരാണ് സ്ഥാപനത്തിലുള്ളത്. ഇവരിൽ 24 പേരും ഇതര സംസ്ഥാനക്കാരാണ്. 22 പേർ മാനസിക അസുഖമുള്ളവരും 2 പേർ സംസാര ശേഷി ഇല്ലാത്തവരും ഒരാൾ മാനസിക വെല്ലുവിളി നേരിടുന്നയാളുമാണ്. ഇവർക്ക് സുരക്ഷിതമായ താമസം, വൃത്തിയുള്ള ചുറ്റുപാട്, ആരോഗ്യകരമായ ഭക്ഷണം, റെഗുലർ മെഡിക്കൽ ചെക്ക്അപ്പുകൾ എന്നിവ പ്രദാനം ചെയ്യുന്നുണ്ട്. താമസക്കാരുടെ ഭാഷ, മാനസിക നില എന്നിവ കാരണം പുനരധിവാസ നടപടികളിലൂടെ സമൂഹത്തിന്റെ മുഖ്യധാര യിലെത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് പരിമിതി നേരിടുന്നതിനാൽ ഇതര സംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്തേക്ക്/വീട്ടുകളിലേയ്ക്ക് Repatriation/Rehabilitation ചെയ്യാനുള്ള നടപടികൾ നടത്തിവരുന്നു.

**ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

194 (4582) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുള്ള ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ?

പാർശ്വവത്ക്കരിക്കപ്പെട്ട ഒരു വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും, ട്രാൻസ്ജെൻ ഡർമാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും അതുവഴി സാമൂഹികവും, സാംസ്കാരികവും സാമ്പത്തികവുമായിട്ടുള്ള അവരുടെ ഉന്നമനത്തിനുമായി വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രധാന പദ്ധതികൾ:

LIBRARY ARCHIVES Kerala Legislative Assembly